# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5082 22.05.2017- ൽ മറുപടിക്ക്

### റവന്യൂ വകുപ്പിലെ താല്ക്കാലിക തസ്തികകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീമതി ഗീതാ ഗോപി.** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | റവന്യൂ വകുപ്പിൽ എത്ര താല്ക്കാലിക തസ്തികകൾ നിലവിലുണ്ട്; | (എ) | ലാൻഡ് റവന്യൂ വകുപ്പിൽ ആകെ 4360 താത്ക്കാലിക തസ്തികകൾ നിലവിലുണ്ട്. |
| (ബി) | 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള താല്ക്കാലിക തസ്തികകൾ സ്ഥിരം തസ്തികയാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) | കാലങ്ങളായി തുടർച്ചാനുമതി നൽകിവരുന്ന താത്ക്കാലിക തസ്തികകൾ 'സ്ഥിരം തസ്തികകളാക്കുന്നതു സംബന്ധിച്ച വിഷയം' സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ജീവനക്കാരെ പുനർ വിന്യസിയ്ക്കാൻ നടപടികൾ സ്വീകരിയ്ക്കുന്നത് ഭൂപരിഷ്കരണനിയമത്തെ ദുർബല പ്പെടുത്തുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കു മോ? | (സി) | ഉണ്ട്. കേരള ഭൂപരിഷ്കരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിൽ പ്രവർത്തിച്ചു വരുന്ന Quasi Judicial അധികാരമുള്ള സ്ഥാപനങ്ങളാണ് താലൂക്ക് ലാൻഡ് ബോർഡ് & ലാൻഡ് ട്രിബ്യൂണൽ. താലൂക്ക് ലാൻഡ് ബോർഡിന്റെ ചെയർമാൻ ചുമതല വഹിക്കുന്നത് സാധാരണയായി ഡെപ്യൂട്ടി കളക്ടർ എൽ.ആർ, സബ് കളക്ടർ, റവന്യൂ ഡിവിഷണൽ ഓഫീസർമാർ തുടങ്ങിയ തസ്തികകളിലെ ഉദ്യോഗസ്ഥരാണ്. 1980 കൾക്കുശേഷം ഭൂപരിഷ്കരണ നിയമത്തെ ദുർബലപ്പെടുത്തുന്ന രീതിയിൽ ഈ ഉദ്യോഗസ്ഥരുടെ സേവനം മറ്റു മേഖല കളിലേയ്ക്കും വിഷയങ്ങളിലേക്കും മാറ്റി യിട്ടുള്ളതായി കാണുന്നു. ഭൂപരിഷ്കരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ നിയമം നടപ്പിലാക്കാൻ ബാദ്ധ്യതപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം മറ്റു മേഖലകളിലേക്ക് മാറ്റിയതിനാലാണ് നിലവിൽ ഭൂപരിഷ്കരണ നിയമത്തിന്റെ പ്രസക്തി സംസ്ഥാനത്ത് ഇത്ര കണ്ട് |

കുറയാൻ കാരണം. ഈ സാഹചര്യത്തിൽ അത്യാവശ്യ ഘട്ടങ്ങളിലല്ലാതെ ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട ആഫീസുകളിൽ നിന്നും ജീവനക്കാരെ മറ്റുജോലികൾക്കായി നിയോഗിക്കാറില്ല.

**സെക്ഷൻ ഓഫീസർ**